വർഷം	പ്ലാൻ (രൂപ ലക്ഷത്തിൽ)		നോൺ പ്ലാൻ (രൂപ ലക്ഷത്തിൽ)	
	അനുവദിച്ച തുക	വിനിയോഗച്ച തുക	അനുവദിച്ച തുക	വിനിയോഗിച്ച തുക
2012-13	1500	1132.87	600	600
2013-14	2000	1421.83	705	705
2014-15	1700	89.54	797.1	797.1
2015-16	2700	-----	868.45	220
ആകെ	7900	2644.24	2970.55	2322.1

വികലാംഗരായ താൽക്കാലിക ജീവനക്കാർ

10(2478) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ എത്ര വികലാംഗർ താൽക്കാലിക ജീവനക്കാരായി ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) തുടർച്ചയായി പത്ത് വർഷത്തിൽ കൂടുതൽ ഇപ്രകാരം ജോലി ചെയ്യുന്ന എത്ര വികലാംഗ ജീവനക്കാരുണ്ട് ;

(സി) ഇവരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) പ്രസ്തുത വിഭാഗത്തെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ 8 വികലാംഗ ജീവനക്കാർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജനറൽ ആശുപത്രി, ആലപ്പുഴ	-	2
താലൂക്ക് ആശുപത്രി, ഹരിപ്പാട്	-	1
ജനറൽ ആശുപത്രി, മഞ്ചേരി	-	1
താലൂക്ക് ആശുപത്രി, നാദാപുരം	-	2
ജനറൽ ആശുപത്രി, വടകര	-	1
ജില്ലാ ആശുപത്രി, തിരൂർ	-	1

(ബി) പത്ത് വർഷത്തിലേറെ തുടർച്ചയായി ജോലി ചെയ്യുവരുന്ന ആരുംതന്നെയില്ല. (179 ദിവസം കൂടുമ്പോൾ നിയമാനുസൃതമായി ജോലിയിൽ പര്യവസാനം നൽകിക്കൊണ്ടിരിക്കുന്നു.)

(സി) ലഭിച്ചിട്ടുണ്ട്. നാദാപുരം താലൂക്കാശുപത്രിയിലെ പമ്പ് ഓപ്പറേറ്റർ കുറ്റിയിൽ ചന്ദ്രന്റെ അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. അനീസ് കെ. എസ്. നൽകിയ അപേക്ഷയിൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയുള്ളവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

യോഗ്യതയില്ലാതെ ചികിത്സ നടത്തുന്നവർ

11 (2479) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953-ലെ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ ആക്ടിലെ വകുപ്പുകളിലെ പഴുതുകൾ ഉപയോഗിച്ച് യോഗ്യതയില്ലാത്തവർ ചികിത്സ നടത്തുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മതിയായ യോഗ്യതയില്ലാത്തവർ ചികിത്സ നടത്തുന്നതുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുണ്ടായിരുന്ന ഏതെങ്കിലും കേസിൽ എക്സ്-പാർട്ടി വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ ഏത് കേസിലാണെന്ന് അറിയിക്കുമോ; ഇങ്ങനെയൊരു വിധിയുണ്ടാവാൻ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly